I/101605/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2667/2023-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 19-06-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**പരിപത്രം**

വിഷയം:- വനിത ശിശുവികസന വകുപ്പ്-'അഭയകിരണം' പദ്ധതി- 2023-24 വർഷത്തേയ്ക്ക് ഓൺലൈൻ വെബ് സൈറ്റ് മുഖാന്തിരം അപേക്ഷകൾ ക്ഷണിയ്ക്കുന്നത് -സംബന്ധിച്ച്:-

സൂചന:- 1. സ.ഉ (സാധാ) 296/2021/സാനീവ തീയതി 14.05.2021.

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന വിധവകളെ സംരക്ഷിക്കുന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000/- രൂപ അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം 2023-24 വർഷത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

**അർഹതാ മാനദണ്ഡവും അപേക്ഷിക്കേണ്ട രീതിയും**

1. **അപേക്ഷിക്കേണ്ട വിധം**

- www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.
- പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക.
- പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്.
- യൂസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്

2. സംരക്ഷിക്കപ്പെടുന്ന വിധവകൾ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം (വയസ്സ് തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐ.ഡി കാർഡ്, ആധാർ കാർഡ് റേഷൻ കാർഡ് എന്നിവയിലേതെങ്കിലും ഒന്ന് അപ് ലോഡ് ചെയ്യണം)
3. അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ് അപ് ലോഡ് ചെയ്യണം.
4. വിധവകളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ആയത് തെളിയിക്കുന്ന വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങുന്ന സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യണം. മുൻഗണനാ വിഭാഗം/ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. റേഷൻ കാർഡിന്റെ പകർപ്പ് അപ് ലോഡ് ചെയ്യണം
5. വിധവകൾ സർവ്വീസ് പെൻഷൻ /കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നവരാകരുത്.
6. വിധവകൾക്ക് പ്രായ പൂർത്തിയായ മക്കൾ ഉണ്ടാകാൻ പാടില്ല.(ഭിന്നശേഷി/മനോരോഗികളായ മക്കൾ ഉള്ളവരെ ടി പദ്ധതിയിൽ പരിഗണിയ്ക്കാവുന്നതാണ്)

7. വിധവയെ സംരക്ഷിക്കുന്ന  അപേക്ഷകർ ക്ഷേമ പെൻഷനുകളോ  വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധനസഹായമോ ലഭിക്കുന്നവരായിരിക്കരുത്.
8. ടിയാൻ ബന്ധുവിന്റെ  പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും  വിധവയാണെന്നും ബന്ധപ്പെട്ട ICDS സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഈ സാക്ഷ്യപത്രം അപ് ലോഡ് ചെയ്യണം
9. താമസിക്കുന്നതിന്  സ്വന്തമായി ചുറ്റുപാടോ, സൗകര്യമോ ഉള്ള വിധവകൾ  ആയിരിക്കരുത്.
10. ഏതെങ്കിലും  സ്ഥാപനത്തിൽ താമസക്കാരിയായി  കഴിയുന്ന വിധവകൾ ഈ ധനസഹായത്തിന് അർഹരല്ല.
11. അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ മുഖേന 15/12/2023 വരെ ഓൺലൈനായി സ്വീകരിച്ച് അർഹമായ അപേക്ഷകൾ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് 31/12/2023 ന് മുൻപ് ഓൺലൈനായി കൈമാറേണ്ടതാണ്.
12. ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകളിൽ അപാകതയുള്ളവ പരിഹരിക്കുവാൻ യഥാസമയം സി.ഡി.പി.ഒ യ്ക്ക് തിരികെ നൽകേണ്ടതും, സി.ഡി.പി.ഒ സമയബന്ധിതമായി അപാകത പരിഹരിച്ച് ലഭ്യമാക്കുന്നുണ്ടോയെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്. സി.ഡി.പി.ഒ മാരുടെ പ്രതിമാസ അവലോകന മീറ്റിംഗിൽ ടി വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതും, പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്.
13. അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച്  പത്ര ദൃശ്യ മാധ്യമങ്ങൾ മുഖേന ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അറിയിപ്പ് നൽകേണ്ടതാണ്.
14. മുൻവർഷം ധനസഹായം ലഭിച്ചവർ  വീണ്ടും അപേക്ഷിക്കേണ്ടതാണ്.
15. 2022-23 വർഷം ധനസഹായം ലഭിച്ചവർ  തുടർന്നും ധനസഹായത്തിന് അർഹരാണെങ്കിൽ ഇവരുടെ അപേക്ഷ പ്രത്യേക ലിസ്റ്റായി ജില്ലാ  വനിത ശിശു വികസന ഓഫീസർമാർ സമർപ്പിക്കേണ്ടതാണ്.
16. 2022-23 വർഷം ധനസഹായം അനുവദിച്ചിട്ടുള്ളത് ഫെബ്രുവരി 2023 വരെയാണ്. ഇപ്രകാരം ധനസഹായം ലഭിച്ച് ഗുണഭോക്താക്കൾ  തുടർന്നും ധനസഹായത്തിന് അർഹരാണെങ്കിൽ ഇവർക്ക് 2023 മാർച്ച് മാസം  മുതൽ 2024 ഫെബ്രുവരി മാസം വരെയുള്ള 12 മാസത്തേയ്ക്കുള്ള തുക അനുവദിക്കാവുന്നതാണ്.
17. ഈ സാമ്പത്തിക വർഷം പുതുതായി അപേക്ഷിക്കുന്നവരിൽ അർഹരായവർക്ക് അപേക്ഷ സമർപ്പിച്ച മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ 2024 ഫെബ്രുവരി വരെയുള്ള  തുക അനുവദിക്കാവുന്നതാണ്.
18. ധനസഹായത്തിനുള്ള അപേക്ഷകളും, അനുബന്ധ രജിസ്റ്ററുകളും ആഡിറ്റിന് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുവാൻ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരും, ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും ബാധ്യസ്ഥരാണ്.

അഭയകിരണം പദ്ധതി പ്രകാരമുള്ള അപേക്ഷകൾ 15/12/2023 വരെ ശിശു വികസന പദ്ധതി  ഓഫീസർമാർ ഓൺലൈനായി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി  മാനദണ്ഡ പ്രകാരം  ധനസഹായത്തിന്  അർഹരാണെന്ന് ICDS സൂപ്പർവൈസർമാർ ഉറപ്പ് വരുത്തേണ്ടതും,

ഓരോ മാസവും ലഭിക്കുന്ന അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി തൊട്ടടുത്ത മാസം ആദ്യവാരത്തിൽ തന്നെ  ശിശു വികസന പദ്ധതി ഓഫീസറുടെ  ശുപാർശയോടെ  ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് ഓൺലൈനായി നൽകേണ്ടതുമാണ്.  ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ

I/101605/2023

ജില്ലാ വനിതാ ശിശു വികസന ഓഫീസർ പരിശോധിച്ച് ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ളവരുടെ ലിസ്റ്റും, ആവശ്യമായ ഫണ്ടിന്റെ വിശദാംശവും നിശ്ചിത പ്രൊഫോർമയിൽ ഉൾ പ്പെടുത്തി യഥാസമയങ്ങളിൽ അലോട്ട്മെന്റിനായി വനിതാ ശിശു വികസന ഡയറക്ടറോട് ആവശ്യപ്പെടേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർക്ക് 15/12/2023 നകം ലഭിക്കുന്ന അപേക്ഷകൾ, 31/12/2023 നകം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് നൽകേണ്ടതും, ടി അപേക്ഷകളിന്മേലുള്ള അലോട്ട്മെന്റിനായി 15/01/2024 ന് മുമ്പ് വനിതാ ശിശു വികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. അപേക്ഷകൾ ഓഫ്‌ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ധനസഹായത്തിന് ശുപാർശ ചെയ്താൽ ആയത് ബന്ധപ്പെട്ട ജീവനക്കാരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

PRIYANKA G
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ

I/101605/2023

| No. |
|---|
| |

**അഭയകിരണം-അപേക്ഷാ ഫാറം**

**(അശരണരായ വിധവകളെ സംരക്ഷിയ്ക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസ ധനസഹായം നൽകുന്നതിനുള്ള അപേക്ഷ)**

| | | |
|---|---|---|
| 1 | വിധവയെ സംരക്ഷിയ്ക്കുന്ന ബന്ധുവായ ഗൃഹനാഥൻ/ഗൃഹനാഥയുടെ പേര്, മേൽ വിലാസം, പിൻകോഡ്, ഫോൺ നമ്പർ | |
| 2 | വിധവയുടെ പേര്, പൂർണ്ണമായ മേൽവിലാസം | |
| 3 | വയസ്സ്, ജനന തീയതി (വിധവ) | |
| 4 | വിധവയുടെ വാർഷിക വരുമാനം | |
| 5 | വിധവയുമായുള്ള അപേക്ഷകന്റെ (സംരക്ഷകൻ/സംരക്ഷക) ബന്ധം | |
| 6 | വിധവയ്ക്ക് മക്കളുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ | |
| 7 | വിധവയുടേയും സംരക്ഷകന്റെ/ സംരക്ഷകയുടെ സംയുക്ത ബാങ്ക് അക്കൗണ്ട് നമ്പർ, IFS കോഡ്, ബ്രാഞ്ച് എന്നിവയുടെ വിവരങ്ങൾ/ സംരക്ഷകന്റെ ബാങ്ക് അക്കൗണ്ട് | |
| 8 | വിധവ ഏത് ഐ.സി.ഡി.എസ് ന്റെ പരിധിയിൽപ്പെടുന്നു. | |
| 9 | അപേക്ഷകന്റെ ആധാർ നമ്പർ (സംരക്ഷകൻ/സംരക്ഷക) | |
| 10 | മുൻവർഷം(2021-22) ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം(ലഭിച്ച തുക) | |

സ്ഥലം: സംരക്ഷകന്റെ/

തീയതി: അപേക്ഷകന്റെ ഒപ്പ്,

പേര്

വിധവയുടെ ഒപ്പ്,

പേര്

I/101605/2023

<u>ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട്</u>

അഭയകിരണം പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച.............................................................................................................................
.........
..................................................(പേരും മേൽവിലാസവും) നിലവിലെ മാനദണ്ഡപ്രകാരം ധനസഹായത്തിന് അർഹതയുള്ള ആളാണെന്ന് അന്വേഷത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ അപേക്ഷകന് /അപേക്ഷകയ്ക്ക് ക്ഷേമ പെൻഷനുകളോ വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധനസഹായമോ ലഭിക്കുന്നില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം സൂപ്പർവൈസറുടെ പേര്

തീയതി ഒപ്പ്

<u>ശിശു വികസന പദ്ധതി ഓഫീസറുടെ സാക്ഷ്യപത്രം</u>

മേൽ സൂചിപ്പിച്ച അപേക്ഷക/അപേക്ഷകന്റെ സംരക്ഷണയിലാണ് ............................................................................................................................
.........................എന്ന വിധവ (പേരും മേൽവിലാസവും) കഴിയുന്നതെന്നും, ടിയാളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയാണെന്നും വിധവയ്ക്ക് പ്രായപൂർത്തിയായ മക്കൾ ഇല്ലെന്നും, ടിയാൾ സർവീസ് പെൻഷൻ/കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം ശിശു വികസന പദ്ധതി ഓഫീസറുടെ പേര്

തീയതി ഒപ്പ്

(ഓഫീസ് സീൽ)

<u>ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ സാക്ഷ്യപത്രം</u>

..........................................................................................................................................

..............എന്നയാൾ...........................................................................................................

...........എന്ന വിധവയെ സംരക്ഷിയ്ക്കുന്നയാളാണെന്ന് ബോധ്യപ്പെട്ടിരിയ്ക്കുന്നതിനാൽ ടിയാളുടെ അപേക്ഷ അഭയകിരണം പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് ശുപാർശ ചെയ്തുകൊള്ളുന്നു.

സ്ഥലം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പേര്

തീയതി ഒപ്പ്

(ഓഫീസ് സീൽ)

I/101605/2023

| അഭയകിരണം പദ്ധതി പ്രകാരം 2022-23 വർഷം ധനസഹായം ലഭിച്ചവരിൽ തുടർന്നും ധനസഹായത്തിന് അർഹരായവരുടെ വിവരവും അനുവദിക്കാവുന്ന തുകയും | | | | |
|---|---|---|---|---|
| ജില്ല: | | | | |
| ക്രമ നം. | അപേക്ഷകന്റെ പേരും, മേൽ വിലാസവും | വിധവയുടെ പേരും മേൽ വിലാസവും | 2022-23 വർഷം അനുവദിച്ച തുക | 2024 ഫെബ്രുവരി മാസം വരെ അനുവദിക്കാവുന്ന തുക |
| | | | | |
| ആകെ | | | | |

| അഭയകിരണം പദ്ധതി പ്രകാരം 2023-24 വർഷം പുതിയതായി അപേക്ഷിച്ചവരുടെ പേര് വിവരവും അനുവദിക്കാവുന്ന തുകയും | | | | |
|---|---|---|---|---|
| ജില്ല: | | | | |
| ക്രമ നം. | അപേക്ഷകന്റെ പേരും, മേൽ വിലാസവും | വിധവയുടെ പേരും മേൽ വിലാസവും | അപേക്ഷ സമർപ്പിച്ച തീയതി | 2024 ഫെബ്രുവരി മാസം വരെ അനുവദിക്കാവുന്ന തുക |
| | | | | |
| ആകെ | | | | |

I/101605/2023

<u>അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ട രേഖകൾ</u>

1. അപേക്ഷകന്റെയും സംരക്ഷിക്കപ്പെടുന്ന വിധവയുടേയും റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി
2. വിധവയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.(വയസ്സ് തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐ.ഡി കാർഡ്, ആധാർ കാർഡ് റേഷൻ കാർഡ് എന്നിവയിലേതെങ്കിലും ഒന്ന് അപ് ലോഡ് ചെയ്യണം)
3. വിധവയുടേയും സംരക്ഷകന്റെ/ സംരക്ഷകയുടെയും പേരിലുള്ള സംയുക്ത ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി
4. വിധവ അപേക്ഷകന്റെ സംരക്ഷണയിലാണെന്നുള്ള ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാക്ഷ്യപത്രം
5. വിധവ ബി.പി.എൽ/മുൻഗണന വിഭാഗത്തിൽപ്പെട്ടവർ /അല്ലെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റ് (വരുമാന പരിധി ഒരു ലക്ഷം രൂപ)

**Signed by Priyanka G**
**Date: 19-06-2023 19:58:28**